# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2121 — 08.03.2018-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി-യിലെ ആഡിറ്റ്

| | ചോദ്യം<br>ശ്രീ. എം.ഉമ്മർ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഏത് സാമ്പത്തിക വർഷം വരെയുള്ള ആഡിറ്റുകളാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ; | (എ) | കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ 2015-16 വരെയുള്ള ആഡിറ്റ് പൂർത്തിയായിട്ടുണ്ട്. 2014-15 വരെയുള്ള റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2015-16-ലെ റിപ്പോടർട്ട് നിയമസഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ബോർഡിൽ റവന്യൂ കമ്മി ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | ഉണ്ട്. റവന്യൂ കമ്മി സാമ്പത്തികവർഷാടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്നു.<br>2015-16 — 313.29 കോടി രൂപ<br>2016-17 (ആഡിറ്റ് പൂർത്തിയായിട്ടില്ല) — 1494.63 കോടി രൂപ |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത റവന്യൂ കമ്മി നികത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (സി) | കെ.എസ്.ഇ.ബി-യുടെ സാമ്പത്തിക കമ്മി പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കുള്ള വായ്പയെടുക്കുന്നതാണ്.<br>2. കെ. എസ്. ഇ. ബി. യുടെ വിവിധ ശീർഷകങ്ങളിലുള്ള ചെലവുകൾ പരമാവധി കുറച്ചും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്ത് വരുമാനം കൂട്ടിയും നഷ്ടം കുറയ്ക്കുന്നതാണ്.<br>3. കേന്ദ്ര സർക്കാർ 20.11.2015-ൽ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT&C-Loss ഉം റവന്യൂ ഗ്യാപ്പും കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>4. മിതമായ വിലയിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും |

<table>
<tr><td></td><td></td><td></td><td>പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ ബാധ്യതകൾ പരിഹരിക്കുവാനാണ് ശ്രമിക്കുന്നത്.<br><br>കൂടാതെ കേരള വാട്ടർ അതോറിറ്റിയൽ നിന്നും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടേണ്ട ഏകദേശം 1400 കോടി രൂപ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>(ഡി)</td><td>സർക്കാർ ഓഫീസുകളിൽ നിന്ന് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാൻ എത്ര തുകയാണ് ബാക്കിയുള്ളത്; ആയത് ലഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?</td><td>(ഡി)</td><td>31.12.2017-ൽ ക്രോഡീകരിച്ച കണക്കുപ്രകാരം സർക്കാർ ഓഫീസുകളിൽ നിന്നും കെ . എസ്. ഇ. ബി. എൽ-ന് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക ചുവടെ ചേർത്തിരിക്കുന്നു.
<table>
<tr><th></th><th>രൂപയിൽ</th></tr>
<tr><td>a. സംസ്ഥാന സർക്കാർ വകുപ്പുകൾ</td><td>109.09 കോടി</td></tr>
<tr><td>b.സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ</td><td>1424.91 കോടി</td></tr>
<tr><td>c. മറ്റു പൊതു സ്ഥാപനങ്ങൾ</td><td>16.91 കോടി</td></tr>
<tr><td>d. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ</td><td>1.02 കോടി</td></tr>
<tr><td>e. കേന്ദ്ര സർക്കാർ വകുപ്പുകൾ</td><td>2.65 കോടി</td></tr>
<tr><td>f. കേന്ദ്ര സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങൾ</td><td>15.74 കോടി</td></tr>
<tr><td>ആകെ</td><td>1570.32 കോടി</td></tr>
</table>
കുടിശ്ശിക വരുത്തുന്ന ഗവൺമെന്റ് സ്ഥാപനങ്ങളിൽ കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്തതും കോടതിയിൽ വ്യവഹാരങ്ങളില്ലാത്തതും ആയ സർവ്വീസ് കണക്ഷനുകൾ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചു മാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കാറുണ്ട്. ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ചിരുന്നു.</td></tr>
</table>

Hemalatha

സെക്ഷൻ ഓഫീസർ